## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1160** **08/02/2013 ൽ മറുപടിക്ക്**

## കരാർ നിയമനങ്ങൾക്കുള്ള എഴുത്തുപരീക്ഷ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.എസ്.സലീഖ: | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) എസ്.സി.ഇ.ആർ.റ്റി.യിലെയും ഓപ്പൺ സ്കൂളിലെയും കരാർ നിയമനങ്ങൾക്കുള്ള എഴുത്തു പരീക്ഷയ്ക്കു ചോദ്യങ്ങൾ തയ്യാറാക്കാനായി രഹസ്യസ്വഭാവം ഇല്ലാത്ത ശില്പശാല നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;<br>ബി) ഇംഗ്ലീഷ്, മലയാളം, ഇന്ത്യാചരിത്രം, അടിസ്ഥാനശാസ്ത്രം, കണക്ക്, പൊതുവിജ്ഞാനം, ആനുകാലിക സംഭവങ്ങൾ തുടങ്ങിയ വിഭാഗങ്ങളിലെ ചോദ്യകർത്താക്കൾ ഒരുമിച്ചിരുന്നാണ് ശില്പശാലയിൽ ചോദ്യങ്ങൾ തയ്യാറാക്കിയതെന്നും രഹസ്യ സ്വഭാവം നഷ്ടപ്പെടുത്തി പരീക്ഷ പ്രഹസനമാക്കിയെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇംഗ്ലീഷ്, മലയാളം, ഇന്ത്യാചരിത്രം, അടിസ്ഥാനശാസ്ത്രം, കണക്ക്, പൊതുവിജ്ഞാനം, ആനുകാലിക സംഭവങ്ങൾ തുടങ്ങിയ വിഭാഗങ്ങളിലെ ചോദ്യകർത്താക്കൾ പ്രത്യേകം പ്രത്യേകം ഇരുന്നാണ് ശില്പശാലയിൽ ചോദ്യങ്ങൾ തയ്യാറാക്കിയത്. ഈ ശില്പശാലയിൽ ചോദ്യപേപ്പറല്ല മറിച്ച് മേൽപറഞ്ഞ വിഷയങ്ങളിലുള്ള ക്വസ്റ്റ്യൻബാങ്ക് ആണ് തയ്യാറാക്കിയത്. ഈ ശില്പശാലയിൽ പങ്കെടുത്ത ചോദ്യകർത്താക്കൾക്ക് ഈ ക്വസ്റ്റ്യൻ ബാങ്കിൽ നിന്നും ചോദ്യങ്ങൾ എടുത്തിട്ടുണ്ടോ എന്ന് അറിയാൻ കഴിയുന്നില്ല. ഈ രീതിയിൽ നടന്ന ശില്പശാലയിൽ രഹസ്യസ്വഭാവം നഷ്ടപ്പെട്ടിട്ടില്ല. |
| സി) പ്രസ്തുത ശില്പശാലയിൽ എത്രപേർ പങ്കെടുത്തുവെന്നും, ഓണറേറിയം, റ്റി.എ. എന്നീ ഇനങ്ങളിലായി എത്ര രൂപ ചെലവഴിച്ചുവെന്നും, ഈ പരീക്ഷയുമായി ബന്ധപ്പെട്ട് എന്തു തുക സർക്കാരിനു ചെലവഴിക്കേണ്ടിവന്നുവെന്നും വ്യക്തമാക്കുമോ; | സി) മൂന്ന് ശില്പശാലകളിലായി 39 അദ്ധ്യാപകർ പങ്കെടുക്കുകയും ഓണറേറിയം, റ്റി.എ. എന്നീ ഇനത്തിൽ ആകെ 85,928/- രൂപ ചെലവായി. |

| | | | |
|---|---|---|---|
| ഡി) | ഇത്തരത്തിൽ പരസ്യമായി ചോദ്യങ്ങൾ തയ്യാറാക്കി നടത്തുന്ന പരീക്ഷകൾ, സംസ്ഥാനത്തു കാലങ്ങളായി നല്ലരീതിയിൽ നടക്കുന്ന പൊതുവിജ്ഞാന പരീക്ഷ-കളെ മോശമായി ചിത്രീകരി-ക്കുന്നതിനു തുല്യമാകുമെന്നു കരുതുന്നുണ്ടോ; വിശദ-മാക്കുമോ? | ഡി) | ചോദ്യങ്ങൾ രഹസ്യസ്വഭാവത്തിലാണ് തയ്യാറാക്കിയത്. |

സെക്ഷൻ ഓഫീസർ